ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കാനും നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള കരട് ഭേദഗതി തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പീലിംഗ് തൊഴിലാളികളുടെ സമരം

243 (2798) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീലിംഗ് തൊഴിലാളികളുടെ സമരം ഒത്തുതീർക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നടന്ന ചർച്ചയുടെ മിനിറ്റ്സ് ലഭ്യമാക്കാമോ ;

(ബി) എന്തൊക്കെ തീരുമാനങ്ങളാണ് പ്രസ്തുത ചർച്ചയിൽ എടുത്തത് ; ഇതിൽ എന്തൊക്കെ നടപ്പിലാക്കി ; നടപ്പിലാക്കാത്ത തീരുമാനങ്ങൾ എന്തുകൊണ്ട് നടപ്പിലാക്കിയിട്ടില്ലെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചേർത്തല താലൂക്കിൽ അരൂർ മേഖലയിലെ പീലിംഗ് ഷെഡ്ഡുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഒരു കിലോ ചെമ്മീൻ പൊളിക്കുന്നതിന് 14 രൂപ നിരക്കിൽ കൂലി പുതുക്കി നിശ്ചയിച്ചു മേഖലയിലെ മറ്റ് തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് രണ്ടാഴ്ചയ്ക്കകം ചർച്ച നടത്തുന്നതാണ് എന്നിവയാണ് തീരുമാനങ്ങൾ. മേൽപ്പറഞ്ഞ രണ്ട് തീരുമാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

244 (2799) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ സ്വകാര്യ കശുവണ്ടി വ്യവസായ രംഗത്ത് നിലവിലുള്ള പ്രധാന പ്രശ്നം കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നത് സംബന്ധിച്ച പ്രക്ഷോഭങ്ങളും സമരങ്ങളുമാണ്. പ്രസ്തുത വിഭാഗത്തിന്റെ മിനിമം വേതനം പുതുക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എടുത്തുവരുന്നു. ആയതിനാൽ സമരങ്ങളും പ്രക്ഷോഭങ്ങളും നിർത്തിവച്ചിട്ടുണ്ട്.

സ്വകാര്യ നഴ്സുമാരുടെ മിനിമംവേതനം

245 (2800) ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചത് ; വിശദമാക്കുമോ ;

(ബി) സ്വകാര്യ ആശുപത്രി ഉൾപ്പെടെ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ 2014 കാലയളവിൽ ഇതുവരെ സംസ്ഥാന വ്യാപകമായി നടത്തിയ സ്ക്വാഡ് പരിശോധനകളിൽ പുതുക്കിയ മിനിമം വേതനം (5-11-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരമുള്ള വിജ്ഞാപനം) നൽകുന്നില്ലെന്ന് കണ്ടെത്തിയ 29 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും കൂടാതെ